(ബി) ഈ കോഴ്സുകൾ പഠിപ്പിക്കുന്ന അംഗീകൃത സർക്കാർ സ്ഥാപനങ്ങൾ ഏതെല്ലാമാണ്;

(സി) അവയിൽ ഗവൺമെന്റിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ നടത്തുന്ന സ്ഥാപനങ്ങൾ എത്രയെണ്ണമുണ്ട്; അവ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) യോഗ്യതകൾ താഴെ പറയുന്നു.

1. എസ്.എസ്.എൽ.സി. അല്ലെങ്കിൽ തത്തുല്യപരീക്ഷ പാസ്സായിരിക്കണം.

2. കേരള സംസ്ഥാന ആരോഗ്യവകുപ്പു നടത്തുന്ന മൾട്ടിപർപ്പസ് വർക്കേഴ്സ് ട്രെയിനിംഗ് സർട്ടിഫിക്കറ്റ് കോഴ്സ് പാസ്സായിരിക്കണം.

3. ടി 2-ാം നമ്പർ യോഗ്യതയുള്ളവരുടെ അഭാവത്തിൽ ആൾ ഇൻഡ്യാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ സെൽഫ് ഗവൺമെന്റ് ബോംബെ നൽകുന്ന ഹെൽത്ത് ഇൻസ്പെക്ടർ ട്രെയിനിംഗ് സർട്ടിഫിക്കറ്റ് അഥവാ സാനിട്ടിറി ഇൻസ്പെക്ടർ ട്രെയിനിംഗ് സർട്ടിഫിക്കറ്റ് എന്നിവയിൽ ഏതെങ്കിലുമോ തത്തുല്യ യോഗ്യതയോ ഉള്ളവരെ പരിഗണിക്കുന്നതാണ്.

ടി 3-ാം നമ്പർ യോഗ്യതയുള്ളവർ സർവ്വീസിൽ പ്രവേശിച്ചതിനുശേഷം മൾട്ടിപർപ്പസ് വർക്കേഴ്സ് ട്രെയിനിംഗിന് വിധേയരാകേണ്ടതാണ്.

(ബി) ആരോഗ്യ വകുപ്പിന്റെ കീഴിൽ തിരുവനന്തപുരത്തും കോഴിക്കോട്ടുമുള്ള ഹെൽത്ത് ആന്റ് ഫാമിലി വെൽഫെയർ ട്രെയിനിംഗ് സെന്ററിലും പ്രസ്തുത കോഴ്സ് നടത്തിയിരുന്നു. എന്നാൽ സർക്കാരിന്റെ കീഴിൽ നടത്തിയിരുന്ന ഈ കോഴ്സുകൾ 2000-ൽ നിർത്തലാക്കി. ഇപ്പോൾ ചില സ്വകാര്യ സ്ഥാപനങ്ങളിൽ ഈ കോഴ്സുകൾ നടത്താൻ സർക്കാർ അനുവാദം നൽകിയിട്ടുണ്ട്. അവയുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.†

(സി) ഗവൺമെന്റിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ നടത്തുന്ന സ്ഥാപനങ്ങളിൽ ആരോഗ്യ വകുപ്പിൽ ഫീൽഡ് അസിസ്റ്റന്റ്/ഇൻസെക്ട് കളക്ടർ വിഭാഗത്തിൽപ്പെട്ട ജീവനക്കാർക്ക് ട്രെയിനിംഗ് നല്കുന്നു.

ഈ സ്ഥാപനങ്ങളിൽ ഹെൽത്ത് ഇൻസ്പെക്ടർ കോഴ്സ് നടത്തുന്നില്ല.

ഇടുക്കി ജില്ലയിൽ ആരോഗ്യ വകുപ്പുമായി ബന്ധപ്പെട്ട പുതിയ തസ്തികകൾ

97(1375) ശ്രീ. ഇ. എം. അഗസ്തി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

---

†അനുബന്ധം-IV

LIBRARY ARCHIVES Kerala Legislative Assembly

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇടുക്കി ജില്ലയിലെ ആരോഗ്യ വകുപ്പുമായി ബന്ധപ്പെട്ട ആശുപത്രികൾ, ഇതര സ്ഥാപനങ്ങൾ എന്നിവയിൽ പുതുതായി ഏതെല്ലാം തസ്തികകൾ ഉണ്ടായിട്ടുണ്ടെന്ന് ഇനം തിരിച്ച് വെളിപ്പെടുത്തുമോ;

(ബി) ഇപ്പോൾ ഏതെല്ലാം സ്ഥാപനങ്ങളിലാണ് പുതിയ തസ്തികകൾ സൃഷ്ടിക്കുവാൻ ഉദ്ദേശിക്കുന്നത്;

(സി) ആയതിന് എന്തെല്ലാം നടപടികൾ പൂർത്തീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ;

(ഡി) ആയതിലേക്ക് നാളിതുവരെ തയ്യാറാക്കായ റിപ്പോർട്ടുകളുടേയും ഉത്തരവുകളുടേയും കോപ്പി മേശപ്പുറത്ത് വയ്ക്കുമോ;

(ഇ) പുതുതായി എന്തെല്ലാം പദ്ധതികളാണ് ഈ സർക്കാർ ഇടുക്കി ജില്ലയിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുതെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആരോഗ്യ വകുപ്പു ഡയറക്ടറേറ്റിന് കീഴിലുള്ള സ്ഥാപനങ്ങളിൽ താഴെപ്പറയുന്ന തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

അസിസ്റ്റന്റ് സർജൻ	-	25
സ്റ്റാഫ് നേഴ്സ്	-	43
നേഴ്സിംഗ് അസിസ്റ്റന്റ്	-	19
ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ്-II	-	25
ഇ.സി.ജി. ടെക്നീഷ്യൻ	-	1
എക്സ്റേ ടെക്നിഷ്യൻ	-	1

ആയുർവേദ വകുപ്പിൽ

മെഡിക്കൽ ഓഫീസർ	-	3
ഫാർമസിസ്റ്റ്	-	1
അറ്റൻഡർ	-	3
എക്സ്റേ ടെക്നീഷ്യൻ/ റേഡിയോഗ്രാഫർ	-	1

എന്നീ തസ്തികകളും, ഹോമിയോപ്പതി വകുപ്പിൽ ഒരു റസിഡന്റ് മെഡിക്കൽ ഓഫീസറുടെ തസ്തികയും സൃഷ്ടിച്ചിട്ടുണ്ട്.

(ബി) പീരുമേട് താലൂക്ക് ആശുപത്രിയിൽ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള ഒരു നിർദ്ദേശം പരിഗണയിലുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) നിർദ്ദേശം പരിശോധിച്ചുവരുന്നു.

(ഡി) ഇതു സംബന്ധിച്ച് പ്രത്യേക റിപ്പോർട്ടുകളോ, ഉത്തരവുകളോ സർക്കാർ പുറപ്പെടുവിച്ചിട്ടില്ല.

(ഇ) ഇടുക്കി ജില്ലയ്ക്ക് മാത്രമായി പ്രത്യേകിച്ച് പദ്ധതികളൊന്നും ഇല്ല. ആയുർവേദ ഡിസ്പെൻസറികൾ ഇല്ലാത്ത പഞ്ചായത്തുകളിൽ പുതിയ ഡിസ്പെൻസറികൾ ആരംഭിക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്. ഹോമിയോപ്പതി വകുപ്പ് ഇടുക്കി ജില്ലയടക്കം മൂന്ന് ജില്ലകളിൽ ഗിരിവർഗ്ഗ പ്രദേശങ്ങളിൽ മാസത്തിൽ രണ്ടു തവണ വീതം മെഡിക്കൽ ക്യാമ്പുകൾ നടത്തിവരുന്നു.

ആരോഗ്യവകുപ്പിൽ ഒഫ്താൽമിക് അസിസ്റ്റന്റ് പ്രൊമോഷൻ പോസ്റ്റ്

98(1376) ശ്രീ. എം. എ. വാഹിദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വുകുപ്പിൽ അസിസ്റ്റന്റ് പ്രൊമോഷൻ പോസ്റ്റ് ആയ ക്യാമ്പ് പോളിങ്ങ് കോ-ഓർഡിനേറ്റർ തസ്തികയിൽ എത്ര പേർക്ക് പ്രൊമോഷൻ കൊടുക്കാനുണ്ട്; എന്നു മുതലാണ് ഈ പ്രൊമോഷൻ ഡ്യൂ ആയിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

(ബി) ഡി. പി. സി. കൂടാതെ പ്രൊവിഷണൽ പ്രൊമോഷൻ നടത്താറുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം തസ്തികയിലാണ് നടത്താറുള്ളത് എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) രണ്ട് പേർക്ക്. 9-8-2004 മുതൽ ഈ രണ്ട് ഒഫ്താൽമിക് അസിസ്റ്റന്റുമാർ പ്രൊമോഷൻ ലഭിക്കാൻ അർഹത നേടിയിട്ടുണ്ട്.

(ബി) ഉണ്ട്.

1. ജില്ലാ നഴ്സിംഗ് ഓഫീസർ.
2. നഴ്സിംഗ് ഓഫീസർ.
3. നഴിസിംഗ് സൂപ്രണ്ട് ഗ്രേഡ്-I
4. പ്രിൻസിപ്പൽ, ഗവ. നഴ്സിംഗ് സ്കൂൾ.
5. വൈസ് പ്രിൻസിപ്പൽ, ഗവ. നഴ്സിംഗ് സ്കൂൾ.
6. സ്റ്റോർ സൂപ്രണ്ട്.
7. സിവിൽ സർജൻ.
8. ഡെപ്യൂട്ടി ആരോഗ്യ വകുപ്പ് ഡയറക്ടർ.
9. അഡീഷണൽ ആരോഗ്യ വകുപ്പ് ഡയറക്ടർ.
10. സീനിയർ സൂപ്രണ്ട്/ലേ സെക്രട്ടറി ആന്റ് ട്രഷറർ.

LIBRARY ARCHIVES Kerala Legislative Assembly